# പാഠം 28
# കല്പന നൽകുന്ന ദൈവം

**വേദഭാഗം** : പുറപ്പാട് 14,15

**തങ്കവാക്യം** : 1 യോഹ. 5:3

*അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല.*

**പാഠം**

സ്നേഹിക്കുന്ന ദൈവം മനുഷ്യർക്ക് ചട്ടങ്ങളും കല്പനകളും പ്രമാണങ്ങളും നൽകുന്നു.യിസ്രായേൽ ജനം മിസ്രയീമിൽ നിന്ന് യാത്രയായതിന്റെ മൂന്നാം മാസം അവർ സീനായ് മരുഭൂമിയിൽ എത്തി പാളയമിറങ്ങി. യിസ്രായേൽ ജനങ്ങളുടെ സുഗമമായ യാത്രയ്ക്കും ജീവിതത്തിനും വിജയപ്രദമായ അന്ത്യവും ലഭിക്കുന്നതിനും ചില നിയമങ്ങൾ കൂടിയേതീരു എന്നു ദൈവത്തിനറിയാമായിരുന്നു. അതു വരെ മോശയിൽ കൂടിയും മറ്റു ജനനേതാക്കളിൽ കൂടെയും സന്ദർഭികമായുള്ള കല്പനകൾ ദൈവം നല്കിയിരുന്നു. എന്നാൽ അവർക്കു എന്നേ യ്ക്കും പാലിക്കേണ്ടതിന് കല്പനകൾ നല്കുവാൻ ദൈവം താല്പര്യപ്പെട്ടു. ദൈവനിർദ്ദേശപ്രകാരം ജനങ്ങൾ എല്ലാം തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നതിനും പുരോഹിതന്മാരും, മൂപ്പന്മാരും, ഗോത്രതലവന്മാരും എല്ലാം വിശുദ്ധീകരണം പ്രാപിച്ച് ദൈവസന്നിധിയിൽ ഭയഭക്തിയോടിരിപ്പാൻ ആവശ്യപ്പെട്ടു. ദൈവം സീനായി പർവ്വതത്തിൽ ഇറങ്ങി പർവ്വതത്തെ ആരും ഒരു ജീവിപോലും തൊടരുത് എന്നു കല്പിച്ചു. തൊടുന്നവർ അപ്പോൾ തന്നെ കൊല്ലപ്പെടും എന്നും മുന്നറിവു കൊടുത്തു. മോശ




# Lesson 28
# GOD GIVES COMMANDMENTS

**Scripture** : Exodus 14, 15

**Memory Verse** : 1 John 5:3

*In fact, this is love for God: to keep his commands. And his commands are not burdensome*

**Lesson**

The Lord who loves his people gives commandments and statutes to them. Three months into their journey to Canaan, the Israelites camped near Mount Sinai. God wanted to give the people of Israel laws that were necessary for their smooth journey and for their life and a peaceful end. Till then, God gave them certain laws according to the situations through Moses and the other leaders. But God desired to give them laws that were forever. God commanded that the leaders of the people, the priests and the people purify themselves and remain in fear of God. God descended upon Mount Sinai. The people were strictly warned not to touch the mountain, not even a living creature. Those who touch would immediately be put to death. Only Moses was allowed to go to the top of the mountain, to the presence of God. The mountain was filled with fire, smoke, thunder, lighting, thick dark clouds and it trembled with earthquakes. Moses came down

മാത്രം പർവ്വതോപരി ദൈവസന്നിധിയിൽ കയറിച്ചെന്നു. പർവ്വതം തീയ്, പുക, ഇടി, മിന്നൽ, കാർമേഘം ഇവകൊണ്ട് നിറയുന്നതും വലിയ ഭുകമ്പം കൊണ്ടെന്നതുപോലെ കുലുങ്ങുന്നതും കണ്ടു. ദൈവം എഴുതികൊടുത്ത രണ്ടു കല്പലകകളുമായി മോശ താഴ്‌വരയിലേക്ക് ഇറങ്ങി വന്നു മോശയുടെ മുഖം അത്യന്തം ശോഭിച്ചിരുന്നു.

ദൈവം അവർക്ക് നിത്യനിയമമായി പാലിക്കേണ്ടതിന് ഏറ്റം വിലപ്പെട്ട പത്തു കല്പനകൾ രണ്ടു കൽപ്പലകകളിലായി എഴുതികൊടുത്തു. കൽപ്പനകളുടെ വിശദാംശങ്ങളും വീശദീകരണങ്ങളും പ്രായോഗിക തലത്തിലുള്ള നിർവ്വചനങ്ങളുമാണ് ചട്ടങ്ങൾ. റോമക്കാരും ഗ്രീക്കുകാരും ലോകജനത മുഴുവനും ബൈബിൾ പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ് നിയമാവലികൾ ഉണ്ടാക്കിയിരിക്കുന്നത് കൽപ്പനകൾ ദൈവനിർമ്മിതവും ദൈവത്തിന്റെ വിരലുകളാൽ കല്പനകളുടെ അകത്തും പുറത്തും എഴുതപ്പെട്ടതും ആയിരുന്നു. ഇവയുടെ വിശദീകരണങ്ങൾ മോശക്കു ദൈവം പറഞ്ഞുകൊടുത്തതാണ്.

രണ്ടു കൽപ്പലകകളിലായി പത്തു കല്പനകൾ ദൈവം തന്റെ ജനങ്ങൾക്ക് എഴുതികൊടുത്തു. അവയിൽ ആദ്യത്തെ 4 എണ്ണം മനുഷ്യരും ദൈവവുമായുള്ള ബന്ധത്തിലും അടുത്ത 6 എണ്ണം മനുഷ്യൻ

പരസ്പരം ബന്ധത്തിലും പ്രയോഗികമാക്കേണ്ടതാണ്.

1. ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്
2. ഒരു വിഗ്രഹവും ഉണ്ടാക്കരുത്
3. നിന്റെ ദൈവമായ യഹോവയുടെ നാമം വ്യഥാ എടുക്കരുത്.
4. ശബത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക.
5. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക
6. കുലചെയ്യരുത്
7. വ്യഭിചാരം ചെയ്യരുത്
8. മോഷ്ടിക്കരുത്.
9. കൂട്ടുകാരനു നേരെ കള്ള സാക്ഷ്യം പറയരുത്
10. കൂട്ടുകാരന്റെ യാതൊന്നിനെയും മോഹിക്കരുത്

to the valley with the stone tablets written by God. Moses' face was shining extremely.

God gave them ten precious commandments that were written on two stone tablets tobe kept as eternal laws. The statutes are the detailed descriptions and interpretations of these laws. Romans, Greeks and other world powers have based their system of laws on these ten commandments of the Bible. The commandments God made were written with the finger to God. God had given the explanation of these laws to Moses. God has written Ten Commandments to his people on two stone tablets. Among them the first four are related to God and the next six with other fellow human beings.

1. You shall have no other gods before me
2. You shall not make for yourself an image in the form of anything in heaven above or on the earth beneath or in the waters below.
3. You shall not misuse the name of the LORD your God
4. Remember the Sabbath day by keeping it holy.
5. Honor your father and your mother .
6. You shall not murder.
7. You shall not commit adultery.
8. You shall not steal.
9. You shall not give false testimony against you.
10. You shall not covet.

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. സീനായ് മലയിൽ പുക, തീയ്, ഇടി, മിന്നൽ, മേഘം, കാഹളനാദം ഇവയിൽ കൽപ്പന നൽകുവാൻ യഹോവ ഇറങ്ങിയ ഒരു സങ്കൽപ്പചിത്രം തയ്യാറാക്കി ചായമിടുക. Draw a picture and colour about God who comes down and gives commandments through smoke, fire, thunder, lightning, cloud and trumpet sound on the Mount Sinai

2. കൽപ്പനകളുടെ ഉള്ളടക്കത്തോടുള്ള ബന്ധത്തിൽ എത്രയായി തരം തിരിക്കുന്നു? അവ ഏവ? What are the classifications of the commandments according to the content ?

3. കൽപ്പനകളും ചട്ടങ്ങളും എന്താണ് എന്ന് ഏതാനും വാക്യങ്ങളിൽ എഴുതുക.Write in a few words about the commandments and statutes that were given to them.

4. താഴെ കൊടുത്തിരിക്കുന്ന ബോക്സുകളിൽ പത്ത് കല്പനകൾ എഴുതുക Write down the commandements in order on the boxes given below ? Give colour to the given picture.